# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : **549**

27-03-2018 ൽ മറുപടിയ്ക്ക്

## തീരദേശ കപ്പൽ ഗതാഗത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. വീണാ ജോർജ്ജ് :<br>ശ്രീ. എ.എം. ആരിഫ് :<br>ശ്രീ. എം. മുകേഷ് :<br>ശ്രീ. എം. രാജഗോപാലൻ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) ചെലവ് കുറഞ്ഞ കടത്തുമാർഗ്ഗമെന്ന നിലയിലും യാത്രാമാധ്യമമായും വികസിപ്പിക്കാനുദ്ദേശിക്കുന്ന തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ പുരോഗതി അറിയിക്കാമോ ; | (എ) റോഡ് / റെയിൽ മാർഗ്ഗം നീങ്ങുന്ന ചരക്കുകളെയും യാത്രക്കാരെയും താരതമ്യേന ചെലവ് കുറഞ്ഞതും പാരിസ്ഥിതിക സൗഹാർദ്ദവുമായ ജലഗതാഗത മേഖലയിലേക്ക് ആകർഷിക്കുക വഴി, ഇപ്രകാരം നീക്കം ചെയ്യുന്ന ചരക്കിന്റെ 40% 2020 ഓടെയും 50% 2030 ഓടെയും തീരദേശ കപ്പൽ ഗതാഗതം വഴിയാക്കുക എന്നതാണ് തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ മുഖ്യ ഉദ്ദേശ്യലക്ഷ്യം. ഇതിനായി നൽകുന്ന ഇൻസെന്റീവ് 3 രൂപ./ടൺ./കി.മീ എന്ന നിരക്കിൽ വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്. കൂടാതെ ചെറുതുറമുഖങ്ങളിൽ തീരദേശ ചരക്കുകൾ കൈകാര്യം ചെയ്യുന്നതിന് ഈടാക്കുന്ന ഹാൻഡ്ലിംഗ് ചെലവ് 50% ഇളവ് ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലെ ചരക്കുനീക്കം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അഴീക്കൽ, ബേപ്പൂർ , കൊല്ലം , എന്നീ തുറമുഖങ്ങളുടെ ആഴം കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പൊന്നാനി തുറമുഖം ഒരു ആഴക്കടൽ തുറമുഖമായാണ് വികസിപ്പിക്കുന്നത്.<br><br>ടി തുറമുഖങ്ങളിൽ ചരക്കുനീക്കം സുഗമമാക്കുന്നതിന്റെ ഭാഗമായി റീച്ച് സ്റ്റാക്കർ , 20 ടൺ |

ക്രെയിൻ, വെയിംഗ് മെഷീൻ, വെസ്സൽ ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം, ടഗ്ഗുകൾ മുതലായ ഉപകരണങ്ങളും, ഇ.ഡി.ഐ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലെ ചരക്കുനീക്കം ശക്തിപ്പെടുത്തുന്നതിനായി ചെറുകിട തുറമുഖങ്ങളിലേക്ക് റയിൽ / റോഡ് കണക്റ്റിവിറ്റി ഏർപ്പെടുത്തുന്നതിന് Indial Port Rail Corporation-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ തുറമുഖങ്ങളെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോഡുകളും പരിഗണിക്കുന്നുണ്ട്. കെ.എസ്.എം.ഡി.സി.എൽ-ന്റെ നേതൃത്വത്തിൽ സൂര്യമുഖി എന്ന കണ്ടെയ്നർ ഷിപ്പ് മുഖാന്തിരം ഗുജറാത്തിൽ നിന്നും കൊല്ലത്തേക്ക് ചരക്കുകൾ കണ്ടെയ്നർ വഴി ഇറക്കുകയുണ്ടായി. എന്നാൽ റിട്ടേൺ കാർഗോ ലഭിക്കാത്തതിനാൽ ആദായകരമാകാത്തതിനാൽ പിന്നീട് കപ്പൽ കൊണ്ടുവരാൻ സാധിച്ചിട്ടില്ല. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ കണ്ടെയ്നർ നീക്കം ആരംഭിച്ചിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കണ്ടെയ്നർ നീക്കം നടത്തുന്ന പ്രൊപ്പോസൽ പരിഗണനയിലുണ്ട്.

| | | | |
|---|---|---|---|
| (ബി) | കൊച്ചി-കോഴിക്കോട് യാത്രാകപ്പൽ സർവീസ് ആരംഭിക്കാനുള്ള പദ്ധതി പ്രാവർത്തികമാക്കാനായി ചെയ്തുവരുന്ന കാര്യങ്ങൾ എന്തെല്ലാമാണ് ; | (ബി) | തീരദേശകപ്പൽ ഗതാഗതം പ്രാവർത്തികമാക്കുന്നതിനുവേണ്ടി കൊച്ചി-കോഴിക്കോട്, കൊച്ചി-തിരുവനന്തപുരം Expression of Interest വിളിച്ചിരുന്നു. കോഴിക്കോട് -കൊച്ചി യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനായി 29/03/2016-ൽ മെസേഴ്സ്. സേഫ് ബോട്ട് ട്രിപ് പ്രൈവറ്റ് ലിമിറ്റഡുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ട്. വിനോദ സഞ്ചാര മേഖലയ്ക്ക് ഊന്നൽ നൽകിയാണ് സേഫ് ബോട്ട് ട്രിപ് പ്രൈവറ്റ് ലിമിറ്റഡ് 2 കപ്പലുകൾ കൊച്ചിയിൽ കൊണ്ടു |

വന്നിട്ടുണ്ട്. പ്രസ്തുത കപ്പലുകൾ കൊച്ചിയിലെ മർക്കന്റൈൻ മറൈൻ ഡിപ്പാർട്ട്മെന്റിന്റെ അപ്രൂവലിനുവേണ്ടി സർവ്വേയും അനുബന്ധ ജോലികളും നടന്നുകൊണ്ടിരിക്കുകയാണ്. എം.എം.ഡി-യുടെ അപ്രൂവൽ കിട്ടുന്ന മുറയ്ക്ക് കപ്പലുകൾ ഓപ്പറേറ്റ് ചെയ്യാൻ സാധിക്കുന്നതാണെന്ന് മെസ്സേഴ്സ്. സേഫ് ബോട്ട് ട്രിപ് പ്രൈവറ്റ് ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി മുഴുവൻ ചെലവുകളും മെസ്സേഴ്സ്. സേഫ് ബോട്ട് ട്രിപ് പ്രൈവറ്റ് ലിമിറ്റഡ് ആണ് വഹിക്കുന്നത്. തുറമുഖവകുപ്പ് ഈ സർവ്വീസ് തുടങ്ങുമ്പോൾ കോസ്റ്റൽ ഷിപ്പിംഗ് ഇൻസെന്റീവ് നൽകുന്നതാണ്.

| | |
|---|---|
| (സി) ഉൾനാടൻ ജലാശയങ്ങളിലൂടെയുള്ള ചരക്ക് നീക്കത്തിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി വരുന്നുവെന്ന് അറിയിക്കാമോ ? | (സി) ജലപാതാ വികസനം മൂന്നു ഘട്ടങ്ങളിലായി സമയബന്ധിതമായി പൂർത്തിയാക്കുവാനുള്ള ഊർജിത ശ്രമങ്ങൾ നടന്നുവരുന്നു. 2020-ൽ തീരുന്ന ഒന്നാം ഘട്ടത്തിൽ നിലവിലുള്ള അവസ്ഥയിൽ തന്നെ ജലപാതകൾ വൃത്തിയാക്കി ആഴം കൂട്ടി ആവശ്യാനുസരണം പാലങ്ങളും ബോട്ട് ജെട്ടികളും കൃത്രിമ കനാലുകളും നിർമ്മിച്ച് ജലപാത ഗതാഗതയോഗ്യമാക്കുന്നതാണ്. അപകടകരമായ രാസവസ്തുക്കൾ ഉൾപ്പടെയുള്ള ചരക്കുകളുടെ നീക്കം പൂർണ്ണമായും ജലപാതകളിലേയ്ക്ക് മാറ്റുവാനും അതുവഴി ചെലവു കുറഞ്ഞതും അപകടരഹിതവുമായ ഗതാഗതം സാദ്ധ്യമാക്കാനുമാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ